**Sree Sankaracharya University of Sanskrit, Kalady**
**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**

തീയതി: 18.03.2026

# പ്രസിദ്ധീകരണത്തിന്

## ടാഗോർ കാലങ്ങൾക്ക് മുമ്പേ സഞ്ചരിച്ച വിദ്യാഭ്യാസ വിചക്ഷണൻ : പ്രൊഫ. സിസ തോമസ്

കാലങ്ങൾക്ക് മുമ്പേ സഞ്ചരിച്ച വിദ്യാഭ്യാസ വിചക്ഷണനാണ് രവീന്ദ്രനാഥ ടാഗോർ. വിദ്യാഭ്യാസമെന്നത് അറിവ് മാത്രമല്ല, മനുഷ്യനാകാനുള്ള പരിശീലനമാണെന്ന് ഉദ്ഘോഷിച്ച ടാഗോർ, ജീവിതവും പഠനവും ഒരുമിച്ച ഒരു മനുഷ്യസ്നേഹിയായിരുന്നുവെന്ന് ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് പറഞ്ഞു. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സെന്റർ ഫോർ രവീന്ദ്രനാഥ ടാഗോർ സ്റ്റഡീസ് സംഘടിപ്പിച്ച ദേശീയ സെമിനാർ കാലടി മുഖ്യ കാമ്പസിലുള്ള ലാംഗ്വേജ് ബ്ലോക്കിലെ സെമിനാർ ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു പ്രൊഫ. സിസ തോമസ്. അറിവിനൊപ്പം മനുഷ്യകേന്ദ്രീകൃതവും സൃഷ്ടിപരവുമായ ഒരു വിദ്യാഭ്യാസ രീതി അവലംബിച്ച ടാഗോറിന്റെ ലോകത്തിൽ സാഹിത്യം, സംഗീതം, വിദ്യാഭ്യാസം, പ്രകൃതി, മാനവികത എന്നിവയെല്ലാം ഒരുപോലെ ചേർന്നിരിക്കുന്നു. വിദ്യാഭ്യാസത്തെയും മനുഷ്യത്വത്തെയും ഒരുമിപ്പിച്ച ടാഗോറിന്റെ വിദ്യാഭ്യാസ ദർശനം വെറും അറിവ് സമ്പാദനത്തിൽ മാത്രം ഒതുങ്ങിയതല്ല; മറിച്ച് മനുഷ്യനെ സമഗ്രമായി വളർത്തുന്ന പ്രക്രിയയായാണ് അദ്ദേഹം കണ്ടത്, പ്രൊഫ. സിസ തോമസ് പറഞ്ഞു.

'രവീന്ദ്രനാഥ ടാഗോറിന്റെ ബഹുമുഖ ലോകങ്ങൾ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ സെമിനാറിൽ രജിസ്ട്രാർ ഡോ. മോത്തി ജോർജ് അധ്യക്ഷനായിരുന്നു. സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസി മാത്യു മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു. പ്രൊഫ. ശ്രീകല എം. നായർ, പ്രൊഫ. രാജി ബി. നായർ, പ്രൊഫ. സി. എം. മനോജ്കുമാർ, പ്രൊഫ. സജിത കെ. ആർ, പ്രൊഫ. ആർ. ഡി. സുനിൽ കുമാർ, പ്രൊഫ. മഞ്ജു ഗോപാൽ, ഡോ. ടി. ജി. ജ്യോതിലാൽ, ശ്യാംജിത്ത് കെ. എന്നിവർ പ്രസംഗിച്ചു. പ്രൊഫ. അമൃത് സെൻ, പ്രൊഫ. പി.

സി. മുരളീമാധവൻ, പ്രൊഫ. ശ്രീകല എം. നായർ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കൃഷ്ണപ്രസാദ് എം., പ്രൊഫ. അംബിക കെ. ആർ, മരിയ മാത്യൂസ്, പ്രൊഫ. സൂസൻ തോമസ്, ഐശ്വര്യ സുരേഷ് കുമാർ, ഡോ. ബിന്ദു ആർ,, ധന്യ പി. എന്നിവർ വിവിധ സെഷനുകളിൽ പ്രസംഗിച്ചു.

**ഫോട്ടോ അടിക്കുറിപ്പ് :** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സെന്റർ ഫോർ രവീന്ദ്രനാഥ ടാഗോർ സ്റ്റഡീസ് സംഘടിപ്പിച്ച ദേശീയ സെമിനാർ കാലടി മുഖ്യ കാമ്പസിലുള്ള ലാംഗ്വേജ് ബ്ലോക്കിലെ സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് ഉദ്ഘാടനം ചെയ്യുന്നു.

**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം. 9447123075